## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം:- കുടുംബശ്രീ - സ്ത്രീ പദവി സ്വയം പഠന പ്രക്രിയ -4-ാം പഠന സഹായി -മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**ഉത്തരവ് നമ്പർ കെ.എസ്./ എൽ/ 4261/2008 തീയതി 30/11/2018**

കുടുംബശ്രീയുടെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ നാലാമത് പഠന സഹായി തയ്യാറായിട്ടുണ്ട്. ആദ്യത്തെ മൂന്ന് പഠന സഹായികളിൽ സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും, സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും എന്നീ വിഷയങ്ങളിന്മേൽ അയൽക്കൂട്ടതല ചർച്ചകളും പഠനങ്ങളും സംഘടിപ്പിച്ചിരുന്നു. "ലിംഗപദവി സമത്വവും നീതിയും" എന്നതാണ് നാലാമത് പഠന സഹായിയുടെ വിഷയം. ടി പഠന സഹായിയുടെ അയൽക്കൂട്ട തലത്തിലേയ്ക്കുള്ള വ്യാപനവുമായി ബന്ധപ്പെട്ട് അനുബന്ധം (1) ആയി ചേർക്കുന്ന മാർഗ്ഗരേഖയും അനുബന്ധം (2) ആയി ചേർക്കുന്ന ഓരോ ജില്ലകൾക്കും ചെലവഴിക്കാവുന്ന തുകയും അംഗീകരിച്ച് ഉത്തരവാകുന്നു. തുക എൻ.ആർ.എൽ.എം ഹെഡിൽ GD 04 ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ജില്ലാമിഷൻ കോർഡിനേറ്റർമാർക്കും
3. എല്ലാ സി.ഡി.എസ് ചെയർപേഴ്സൺമാർക്കും
4. എല്ലാ എ.ഡി.എം.സി(ജെൻഡർ) മാർക്കും
5. എല്ലാ എസ്.എ.പി.എം(ജെൻഡർ), ഡി.പി.എം(ജെൻഡർ)മാർക്കും
6. എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി.എയ്ക്ക്
7. പ്രോഗ്രാം മാനേജർ(ജെൻഡർ)

പകർപ്പ്:

കരുതൽ/ അധികം

**അംഗീകാരത്തോടെ**

**അക്കൗണ്ട്സ് ഓഫീസർ**

## കുടുംബശ്രീ- സ്ത്രീപദവി പഠന പ്രക്രിയ (GSLP)
## 4-ാം പഠന സഹായി - മാർഗ്ഗരേഖ

കുടുംബശ്രീ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2007-ൽ ആരംഭിച്ച പഠന പ്രക്രിയയാണ് സ്ത്രീപദവി സ്വയം പഠന പ്രക്രിയ. ഇതിന്റെ ഭാഗമായി സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും, സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും തുടങ്ങിയ മോഡ്യൂളുകൾ അയൽക്കൂട്ടങ്ങളിൽ പഠന വിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി വിവിധ പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നുവരുന്നു. ഓരോ അയൽക്കൂട്ടാംഗവും തങ്ങളുടെ അനുഭവങ്ങളുടെയും, അറിവിന്റെയും, സാമൂഹിക അവസ്ഥയുടേയും അടിസ്ഥാനത്തിൽ ലിംഗപദവി വിശകലനം നടത്തുക എന്നത് പരമ പ്രധാനമാണ്. ഇതു തന്നെയാണ് സ്ത്രീ പദവി സ്വയം പഠന പ്രവർത്തനത്തിലൂടെ കുടുംബശ്രീ ചെയ്തു വരുന്നതും. ഈ പഠന പ്രക്രിയയുടെ തുടർച്ച എന്നോണം സമത്വം, നീതി, അവസരങ്ങൾ, അവകാശങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ലിംഗപദവി സ്വയം പഠന പ്രവർത്തനത്തിന്റെ അടുത്ത ഘട്ട പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്.

**പഠന പ്രവർത്തനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ**

- ഓരോ വ്യക്തിയുടേയും അവകാശവും അവസരവും തിരിച്ചറിയുക
- ലിംഗ സമത്വവും, നീതിയും ഉറപ്പാക്കി സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിനെ കുടുംബങ്ങളെ പ്രാപ്തമാക്കുക.
- നിലവിലെ നിയമങ്ങളെ കുറിച്ചും സഹായ സംവിധാനങ്ങളെ കുറിച്ചും അവബോധം സൃഷ്ടിക്കുക.
- അതിക്രമങ്ങൾക്കും, അവകാശ നിഷേധങ്ങൾക്കും എതിരെ പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന ഒരു കൂട്ടായ്മ സൃഷ്ടിക്കുക.

- ജെൻഡർ ആശയങ്ങളെ ഓരോ വ്യക്തിയിലേയ്ക്കും കുടുംബ ങ്ങളിലേയ്ക്കും എത്തിക്കുകയും പഠന വിധേയമാക്കുകയും ചെയ്യുക.
- സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

**1. പഠന പ്രവർത്തനങ്ങൾ**

സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജെൻഡർ റിസോഴ്സ് പേഴ്സൺമാരുടെ ടീം ആണ് പഠന സഹായി തയ്യാറാ ക്കിയത്. തയ്യാറാക്കിയ പഠന സഹായി കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി പഞ്ചായത്തിലെ അയൽക്കൂട്ടാംഗങ്ങൾക്കിടയിൽ പൈലറ്റ് പഠനം നടത്തിയിരുന്നു. ഈ പഠനത്തിന്റെ അടിസ്ഥാന ത്തിൽ വന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വേണ്ട തിരുത്തലുകൾ വരുത്തിയാണ് പഠന സഹായിക്ക് അന്തിമ രൂപം നൽകിയിട്ടുള്ളത്.

**2. ജില്ലാതല ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം**

4 സി.ഡി.എസ്സുകൾക്ക് ഒരു ജെൻഡർ ആർ.പി എന്നതായി രിക്കും ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ എണ്ണം. ഇവരുടെ 3 ദിവസ പരിശീലനം മേഖല അടിസ്ഥാനത്തിലാണ് നടത്തുക. ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ഉത്തരവാദിത്വം പരിശീലന വിശദാംശങ്ങൾ എന്നിവ അനുബന്ധം ആയി ചേർക്കുന്നു.

**3. അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം**

അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം നൽകേ ണ്ടത് പരിശീലനം ലഭിച്ച ജില്ലാതല ഫെസിലിറ്റേറ്റർമാരാണ്. 2 ദിവസ പരിശീലനം സി.ഡി.എസ് തലത്തിലാണ് നൽകേണ്ടത്.

- രണ്ടു ദിവസവും പൂർണ്ണ സമയം തിരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ട ഫെസിലിറ്റേറ്റർ പങ്കെടുക്കുന്നുണ്ട് എന്ന് ജില്ലാ തല ഫെസിലിറ്റേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.
- ഈ പരിശീനത്തിലെ പങ്കാളിത്തം, പരിശീലനത്തിന്റെ മികവ് എന്നിവ സ്നേഹിത ഉദ്യോഗസ്ഥർ വിലയിരുത്തേണ്ടതാണ്.

- എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും പങ്കാളിത്തം ഉറപ്പു വരുത്താൻ കമ്മ്യൂണിറ്റി കൗൺസിലർമാർ, ജില്ലാ ആർ.പി.മാർ എന്നിവർക്ക് നിർദ്ദേശം നല്കേണ്ടതാണ്.
- പരിശീലനത്തിൽ പങ്കെടുത്ത അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം, പങ്കെടുക്കാത്ത അയൽക്കൂട്ടങ്ങളുടെ രേഖപ്പെടുത്തൽ എന്നിവ ജില്ലാ ഫെസിലിറ്റേറ്റർ ചെയ്യേണ്ടതാണ്.
- പരിശീലനത്തിൽ മുഴുവൻ സമയ പങ്കാളിത്തം ഉറപ്പു വരുത്താൻ സി.ഡി.എസ് ചെയർപേഴ്സണും നിർദ്ദേശം നൽകേണ്ടതാണ്.

**4. അയൽക്കൂട്ടതല സ്വയം പഠനം**

ലഭ്യമായ പഠന സഹായിയുടെ പഠന പ്രവർത്തനം എല്ലാ അയൽക്കൂട്ടങ്ങളിലും പരിശീലനം ലഭിച്ച ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ 2019 ജനുവരി മാസം ആരംഭിക്കേണ്ടതാണ്.

ആഴ്ചയിൽ കൂടുന്ന ഓരോ അയൽക്കൂട്ട മീറ്റിംഗിലും ഓരോ അദ്ധ്യായങ്ങൾ വീതം ചർച്ച ചെയ്യേണ്ടതാണ്.

- ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രധാന കാര്യങ്ങൾ അയൽക്കൂട്ട മിനിട്സിൽ ചേർക്കേണ്ടതാണ്.
- റിപ്പോർട്ടും വിലയിരുത്തൽ ചോദ്യാവലികളും കൃത്യ സമയങ്ങളിൽ എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് സി.ഡി.എസ്സുകളിൽ എത്തിക്കേണ്ടതാണ്. ഇതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട റിസോഴ്സ് പേഴ്സണിനും എ.ഡി.എസ്നും നൽകേണ്ടതാണ്.
- സി.ഡിഎസുകളിൽ നിന്നും റിപ്പോർട്ടും മോണിറ്ററിംഗ് ഫോറങ്ങളും ശേഖരിച്ച് ജില്ലാതല റിപ്പോർട്ടുകൾ സംസ്ഥാന മിഷനിൽ സമർപ്പിക്കുന്നതിനുള്ള ഉത്തവാദിത്വം ജില്ലാ പ്രോഗ്രാം മാനേജറിന്റേതാണ്.
- മോണിറ്ററിംഗിനും റിപ്പോർട്ട് ഏകീകരിക്കുന്നതിനും ഉള്ള ഉത്തരവാദിത്വം സ്നേഹിതാ ഉദ്യോഗസ്ഥർക്ക് ബ്ലോക്കിന്റെ ചുമതല നല്കി ഏല്പിക്കാവുന്നതാണ്.

- പഠന പ്രവർത്തനത്തോടനുബന്ധിച്ച് നടക്കുന്ന വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങൾ, ഇടപെടലുകൾ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.
- പഠന സഹായിയിൽ പറഞ്ഞ പ്രകാരം എ.ഡി.എസ്, സി.ഡി.സ് തല പ്രവർത്തനങ്ങളും നടന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 5. റിപ്പോർട്ടിംഗ് – മോണിട്ടറിംഗ്

- ജില്ലാതല-അയൽക്കൂട്ടതല ഫെസിലിറ്റേറ്റർമാരുടെ പരിശീലന റിപ്പോർട്ട് പരിശീലനം കഴിഞ്ഞാൽ ഉടൻ സംസ്ഥാന മിഷനിൽ നൽകേണ്ടതാണ്.
- പരിശീലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ജില്ലാമിഷനുകൾക്ക് നൽകുന്ന പ്രത്യേക ഫോർമാറ്റിലും കുടുംബശ്രീ വെബ്സൈറ്റിലും സമയബന്ധിതമായി ചേർക്കേണ്ടതാണ്.
- ജില്ലാ പ്രോഗ്രാം മാനേജർ, സ്നേഹിത ഉദ്യോഗസ്ഥർ എന്നിവർ അയൽക്കൂട്ടങ്ങൾ സന്ദർശിക്കുകയും പഠന പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുകയും ചെയ്യേണ്ടതാണ്.
- പഠന സഹായിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം വിലയിരുത്തൽ ഫോറങ്ങളും റിപ്പോർട്ടും അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് (എ.ഡി.എസ്- സി.ഡി.എസ് കളിലൂടെ) ജില്ലാ റിപ്പോർട്ടുകളുമായി സംസ്ഥാന മിഷനിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 6. സാമ്പത്തികം

1. അയൽക്കൂട്ട ഫെസിലിറ്റേറ്റർമാരുടെ പരിശീലനത്തിൽ ഒരു ദിവസം ഒരാൾക്ക് ഭക്ഷണം ഉൾപ്പെടെ ചിലവുകൾക്കായി പരമാവധി 60 രൂപ നിരക്കിൽ ചിലവഴിക്കാവുന്നതാണ്.
2. അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുന്ന ജില്ലാതല ഫെസിലിറ്റേറ്റർക്ക് ഒരു ദിവസം ഹോണറേറിയവും യഥാർത്ഥ യാത്രാ ബത്തയും ഉൾപ്പെടെ (ഒരു ദിവസം മുഴുവൻ പരിശീലനത്തിന്) 750 രൂപ നല്കാവുന്നതാണ്.

3. ഒരു ബാച്ചിൽ പരമാവധി 60 വരെ അംഗങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. ഒന്ന് രണ്ട് ഘട്ടങ്ങളിൽ 2 ദിവസം വീതവും അവസാന ഘട്ടത്തിൽ ഒരു ദിവസവുമായിരിക്കും അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകേണ്ടത്.
4. പഠന സഹായി പൂർണ്ണമായി പ്രിന്റ് ചെയ്ത് ലഭിച്ചതിന് ശേഷം മാത്രം പരിശീലനങ്ങൾ ആരംഭിച്ചാൽ മതിയാകും.
5. സംസ്ഥാന തലത്തിൽ പ്രിന്റ് ചെയ്യുന്ന പുസ്തകങ്ങൾ ജില്ലയിൽ ലഭ്യമാവുന്ന മുറയ്ക്ക് ആവശ്യമുള്ള പുസ്തകങ്ങൾ അതത് സി ഡി എസ്സുകളിലും പടന പ്രക്രിയ അയൽക്കൂട്ടത്തിൽ ആരംഭിക്കുന്ന മുറയ്ക്ക് അയൽക്കൂട്ടങ്ങളിലും എത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.
6. അയൽക്കൂട്ട പ്രതിനിധികൾക്ക് പരിശീലനം ആരംഭിക്കുന്നതിന് മുന്നോടിയായി സി ഡി എസ് ചെയർപേഴ്സൺ, കമ്മ്യൂണിറ്റി കൗൺസിലർമാർ, സംസ്ഥാന തല പരിശീലനത്തിൽ പങ്കെടുക്കാത്ത കോർടീം അംഗങ്ങൾ എന്നിവർക്കായി ജില്ലാ തലത്തിലും, ജനപ്രതിനിധികൾ സി ഡി എസ് മെമ്പർമാർ എന്നിവർക്കായി സി ഡി എസ് തലത്തിലും ഓറിയന്റേഷൻ സംഘടിപ്പിക്കണം ഇതിനാവശ്യമായ തുക എൻ ആർ എൽ എം പദ്ധതി വിഹിതത്തിൽ GD20 എന്ന ശീർഷകത്തിൽ വകയിരുത്താവുന്നതാണ്.
7. ഡോക്യുമെന്റേഷൻ റിപ്പോർട്ടിംഗ് എന്നിയ്ക്കായി ഒരു ജില്ലയ്ക്ക് 2 ലക്ഷം രൂപ ഉപയോഗിക്കാവുന്നതാണ്. ഡോക്യുമെന്റേഷനായി ഉപയോഗിക്കുന്നവരുടെ ഹോണറേറിയം ഉൾപ്പെടെ ഉള്ള ചിലവുകൾ ഇതിൽ നിന്നും വഹിക്കാവുന്നതാണ്.
8. മോണിറ്ററിംഗ് - റിപ്പോർട്ടിംഗ് - വിലയിരുത്തൽ എന്നിവയ്ക്കായി ഒരു സി.ഡി.എസിന് 3000 രൂപ എന്ന നിരക്കിലും (3 മീറ്റിംഗ് ഉൾപ്പെടെ) ജില്ലകൾക്ക് 1 ലക്ഷം രൂപ നിരക്കിലും അനുവദിച്ച് നൽകാവുന്നതാണ്.

ജെൻഡർ സ്വയം പഠന പ്രവർത്തനത്തിന് വരുന്ന ചിലവുകൾ NRLM-ലെ ജെൻഡർ GD-04 എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

മേൽ പരാമർശിക്കും പ്രകാരം പഠന പ്രവർത്തനം സമയബന്ധിതവും കാര്യക്ഷമവും ആയി ജില്ലകളിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, അയൽക്കൂട്ട കുടുംബാംഗങ്ങളുടേയും പൊതു ജനങ്ങളുടേയും പിന്തുണ ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അനുബന്ധം : 2

**District wise allotment for GSLP 4th Module dissemination (HEAD- NRLM (GD 04)**

| Si. No | District | Total CDS | Total NHGs | Food &other expence | TA&Honorarium | Monitoring | Documentation | CDS Allotment | Total |
|---|---|---|---|---|---|---|---|---|---|
| 1 | TVM | 83 | 29,900 | 3588000 | 897000 | 100000 | 200000 | 249000 | 5034000 |
| 2 | KLM | 74 | 25,112 | 3013440 | 753000 | 100000 | 200000 | 222000 | 4288440 |
| 3 | PTA | 58 | 9,976 | 1197120 | 300000 | 100000 | 200000 | 174000 | 1971120 |
| 4 | ALP | 80 | 20,418 | 2450160 | 613500 | 100000 | 200000 | 240000 | 3603660 |
| 5 | KTYM | 78 | 15,333 | 1839960 | 460500 | 100000 | 200000 | 234000 | 2834460 |
| 6 | IDK | 54 | 12,381 | 1485720 | 372000 | 100000 | 200000 | 162000 | 2319720 |
| 7 | EKM | 101 | 23,197 | 2783640 | 696000 | 100000 | 200000 | 303000 | 4082640 |
| 8 | TSR | 100 | 24,245 | 2909400 | 727500 | 100000 | 200000 | 300000 | 4236900 |
| 9 | PKD | 96 | 22,468 | 2696160 | 675000 | 100000 | 200000 | 288000 | 3959160 |
| 10 | MLP | 110 | 26,582 | 3189840 | 798000 | 100000 | 200000 | 330000 | 4617840 |
| 11 | KKD | 82 | 27,772 | 3332640 | 834000 | 100000 | 200000 | 246000 | 4712640 |
| 12 | WYD | 26 | 9,584 | 1150080 | 288000 | 100000 | 200000 | 78000 | 1816080 |
| 13 | KNR | 81 | 19,610 | 2353200 | 588000 | 100000 | 200000 | 243000 | 3484200 |
| 14 | KSRGD | 42 | 10,597 | 1271640 | 318000 | 100000 | 200000 | 126000 | 2015640 |
| **Total** | | **1,065** | **277,175** | **33,261,000** | **8,320,500** | **1,400,000** | **2,800,000** | **3,195,000** | **48976500** |

30/11/24